പതിനാറാം കേരളനിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 2208 **27-10-2026-ൽ മറുപടിയ്ക്ക്**

പാറശ്ശാല നിയോജകമണ്ഡലത്തിലെ വിദ്യാലയങ്ങളിൽ സ്റ്റുഡന്റ് പോലീസ് കേഡറ്റ്

ചോദ്യം ഉന്നയിച്ച അംഗങ്ങൾ **മറുപടി നൽകിയ മന്ത്രി**

ശ്രീ. സി. കെ. ഹരീന്ദ്രൻ ശ്രീ. രമേശ് ചെന്നിത്തല
(ആഭ്യന്തര- വിജിലൻസ്, കയർ വകുപ്പ് മന്ത്രി)

(എ) പാറശ്ശാല നിയോജകമണ്ഡലത്തിലെ വിവിധ വിദ്യാലയങ്ങളിൽ സ്റ്റുഡന്റ് പോലീസ് കേഡറ്റ് (എസ്.പി.സി) യൂണിറ്റുകൾ ആരംഭിക്കുന്നതിനായി നാളിതുവരെ എത്ര അപേക്ഷകൾ ലഭിച്ചിട്ടുണ്ടെന്നും പ്രസ്തുത അപേക്ഷകൾ ലഭിച്ച വിദ്യാലയങ്ങളുടെ പേരും തദ്ദേശസ്ഥാപനാടിസ്ഥാനത്തിലുള്ള വിശദാംശവും ലഭ്യമാക്കുമോ;

മറുപടി: എസ്.പി.സി. പദ്ധതി ആരംഭിക്കുന്നതിനായി സർക്കാർ അനുമതിയോടെ സംസ്ഥാന പോലീസ് മേധാവി വിജ്ഞാപനം പുറപ്പെടുവിക്കുകയും, പ്രസ്തുത വിജ്ഞാപനപ്രകാരം അപേക്ഷ സമർപ്പി ക്കുന്ന സ്കൂളുകളുടെ പട്ടിക സംസ്ഥാന സർക്കാരിന് സമർപ്പിക്കുകയും ചെയ്യുന്നു. ഇപ്രകാരം ലഭിക്കുന്ന അപേക്ഷകളിൽ നിന്ന് സർക്കാർ നയവും നിശ്ചയിച്ചിട്ടുള്ള മാനദണ്ഡങ്ങളും അനുസരിച്ചാണ് സ്കൂളുകൾക്ക് പദ്ധതി അനുവദിക്കുന്നത്.

പുതിയ വിജ്ഞാപനം പുറപ്പെടുവിക്കുന്നതോടെ, അതുവരെ സമർപ്പിച്ചിട്ടുള്ള മുൻ വിജ്ഞാപന പ്രകാരമുള്ള അപേക്ഷകൾ റദ്ദാകുന്നതും, ഇക്കാര്യം പുതിയ വിജ്ഞാപനത്തിൽ വ്യക്തമാക്കിയിട്ടുള്ളതുമാണ്.

ഇതിന്റെ ഭാഗമായി, സർക്കാർ ധനസഹായത്തോടെ എസ്.പി.സി. പദ്ധതി ആരംഭിക്കുന്നതിനായി 29.08.2024 തീയതിയിലും, തനത് ഫണ്ട് വിനിയോഗിച്ച് പദ്ധതി ആരംഭിക്കുന്നതിനായി 04.07.2026 തീയതിയിലും സംസ്ഥാന പോലീസ് മേധാവി വിജ്ഞാപനങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. പ്രസ്തുത വിജ്ഞാപനങ്ങൾ പ്രകാരം അപേക്ഷ സമർപ്പിച്ചിട്ടുള്ള പാറശ്ശാല നിയോജക മണ്ഡലത്തിലെ സ്കൂളുകളുടെ ലഭ്യമായ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

ക്രമ നം	സ്കൂളിന്റെ പേര്	തദ്ദേശ സ്വയം ഭരണ സ്ഥാപനം	നിയമസഭാ മണ്ഡലം
1	പരമുപിള്ളൈ മെമ്മോറിയൽ ഹൈസ്കൂൾ, കാരക്കോണം	കുന്നത്തുകാൽ ഗ്രാമപഞ്ചായത്ത്	പാറശ്ശാല
2	എൻ.കെ.എം. ഗവ: ഹയർസെക്കന്ററി സ്കൂൾ, ധനുവച്ചപുരം	കൊല്ലയിൽ ഗ്രാമപഞ്ചായത്ത്	പാറശ്ശാല

3	ജി.എച്ച്.എസ്.എസ്. മാരായമുട്ടം	പെരുങ്കടവിള ഗ്രാമപഞ്ചായത്ത്	പാറശ്ശാല
4	സെന്റ് തോമസ് എച്ച്.എസ്.എസ്. അമ്പൂരി	അമ്പൂരി ഗ്രാമ പഞ്ചായത്ത്	പാറശ്ശാല
5	സെന്റ് തോമസ് എച്ച്.എസ്.എസ്. ഉണ്ടൻകോട്	കുന്നത്തുകാൽ ഗ്രാമപഞ്ചായത്ത്	പാറശ്ശാല

(ബി) ലഭിച്ച അപേക്ഷകളിൽ എത്ര വിദ്യാലയങ്ങൾക്ക് സ്റ്റുഡന്റ് പോലീസ് കേഡറ്റ് യൂണിറ്റുകൾ ആരംഭിക്കുന്നതിന് അനുമതി നൽകിയിട്ടുണ്ട്; അനുമതി ലഭിച്ച വിദ്യാലയങ്ങളുടെ പേരുവിവരങ്ങളും യൂണിറ്റുകൾ ആരംഭിച്ചിട്ടുണ്ടെങ്കിൽ അവയുടെ നിലവിലെ പ്രവർത്തനസ്ഥിതിയും വ്യക്തമാക്കുമോ;

<u>മറുപടി:</u> പാറശ്ശാല നിയോജക മണ്ഡലത്തിൽ താഴെപ്പറയുന്ന നാല് വിദ്യാലയങ്ങളിൽ എസ്.പി.സി. പദ്ധതിക്ക് അനുമതി ലഭിച്ചിട്ടുണ്ട്.

ക്രമ നം	സ്കൂളുകളുടെ പേര്	തദ്ദേശ സ്വയംഭരണ സ്ഥാപനം	നിയമ സഭാ മണ്ഡലം	നിലവിലെ സ്ഥിതി
1	എൻ.കെ.എം. ഗവ: ഹയർ സെക്കന്ററി സ്കൂൾ, ധനുവച്ചപുരം	കൊല്ലയിൽ ഗ്രാമപഞ്ചായത്ത്	പാറശ്ശാല	ആരംഭിച്ചു
2	ജി.എച്ച്.എസ്.എസ് . മാരായമുട്ടം	പെരുങ്കടവിള ഗ്രാമപഞ്ചാ യത്ത്	പാറശ്ശാല	ആരംഭിച്ചു
3	സെന്റ് തോമസ് എച്ച്.എസ്.എസ്. അമ്പൂരി	അമ്പൂരി ഗ്രാമപഞ്ചായത്ത്	പാറശ്ശാല	ആരംഭിച്ചു
4	സെന്റ് തോമസ് എച്ച്.എസ്.എസ്. ഉണ്ടൻകോട്	കുന്നത്തുകാൽ ഗ്രാമ പഞ്ചായത്ത്	പാറശ്ശാല	ആരംഭിച്ചു

(സി) നാളിതുവരെ അനുമതി ലഭിക്കാത്ത അപേക്ഷകൾ എത്രയാണെന്നും അവയ്ക്ക് അനുമതി നൽകാത്തതിന്റെ കാരണങ്ങൾ എന്തെല്ലാമാണെന്നും വ്യക്തമാക്കുമോ;

<u>മറുപടി:</u> അനുമതി ലഭിച്ചിട്ടില്ലാത്തത് പരമുപിള്ള മെമ്മോറിയൽ ഹൈസ്കൂൾ, കാരക്കോണം എന്ന സ്കൂളിനാണ്. പ്രസ്തുത സ്കൂളിന്റെ അപേക്ഷ നിലവിൽ സർക്കാരിന്റെ പരിഗണനയിലാണ്.

(ഡി) സ്റ്റുഡന്റ് പോലീസ് കേഡറ്റ് യൂണിറ്റുകൾ അനുവദിക്കുന്നതിനുള്ള നിലവിലെ മാനദണ്ഡങ്ങൾ പാലിക്കുന്നതും അപേക്ഷ സമർപ്പിച്ചിട്ടുള്ളതുമായ എല്ലാ അർഹമായ വിദ്യാലയങ്ങളിലും യൂണിറ്റുകൾ ആരംഭിക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുമോ; ഇതിനായി പരിഗണിക്കുന്ന സമയക്രമം വ്യക്തമാക്കുമോ?

<u>മറുപടി:</u> എസ്.പി.സി. പദ്ധതി ആരംഭിക്കുന്നതിനായി സർക്കാർ അനുമതിയോടെ സംസ്ഥാന പോലീസ് മേധാവി വിജ്ഞാപനം പുറപ്പെടുവിക്കുകയും, പ്രസ്തുത വിജ്ഞാപന പ്രകാരം അപേക്ഷ സമർപ്പിക്കുന്ന സ്കൂളുകളുടെ പട്ടിക സംസ്ഥാന സർക്കാരിന് സമർപ്പിക്കുകയും ചെയ്യുന്നു. ഇപ്രകാരം ലഭിക്കുന്ന അപേക്ഷകളിൽ നിന്ന് സർക്കാർ നയവും നിശ്ചയിച്ചിട്ടുള്ള മാനദണ്ഡങ്ങളും അനുസരിച്ചാണ് സ്കൂളുകൾക്ക് പദ്ധതി അനുവദിക്കുന്നത്. എസ്.പി.സി. പദ്ധതി യുടെ മറ്റ് നിബന്ധനകൾ പ്രകാരം യോഗ്യതയുള്ളതും തനത് ഫണ്ട് ഉപയോഗിച്ചു പദ്ധതി ആരംഭിക്കുന്നതിന് സന്നദ്ധത പ്രകടിപ്പിച്ചിട്ടുള്ളതുമായ എല്ലാ സ്കൂളുകൾക്കും പദ്ധതി അനുവദിക്കുന്ന കാര്യം സർക്കാർ പരിഗണിച്ചുവരുന്നു. നിശ്ചിത സമയപരിധിക്കുള്ളിൽ അപേക്ഷ സമർപ്പിച്ചിട്ടുള്ള എല്ലാ യോഗ്യമായ സ്കൂളുകൾക്കും അനുമതി നൽകുന്നതും, അതിനുശേഷം അപേക്ഷ സമർപ്പിക്കുന്ന സ്കൂളുകളിൽ അടുത്ത അധ്യയന വർഷം മുതൽ പദ്ധതി ആരംഭിക്കുന്നതിനുള്ള അനുമതി നൽകുന്ന കാര്യം പരിഗണിക്കുന്നതുമാണ്.

സെക്ഷൻ ഓഫീസർ